**കേരള സർക്കാർ**

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**വിജ്ഞാപനം**

**സ.ഉ.(അച്ചടി) നം.16/2025/F&P Dated,Thiruvananthapuram,14-07-2025**

**എസ്.ആർ.ഒ.നം**

2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിന്റെ (2021-ലെ 16-ാം ആക്റ്റ്) 16-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ടി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മറ്റി രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു, അതായത് :-

(i) ഫിഷറീസ് ഡയറക്ടർ - ചെയർപേഴ്സൺ
(ii) ഭക്ഷ്യസുരക്ഷാ കമ്മീഷണർ - അംഗം
(iii) ആരോഗ്യവകുപ്പ് ഡയറക്ടർ - അംഗം
(iv) പഞ്ചായത്ത് വകുപ്പ് ഡയറക്ടർ - അംഗം
(v) ചീഫ് ഗവണ്മെന്റ് അനലിസ്റ്റ് - അംഗം
(vi) ഡോ.സൈനുദ്ദീൻ എ.എ.
പ്രിൻസിപ്പൽ സയന്റിസ്റ്റ്
ക്വാളിറ്റി അഷ്വറൻസ് മാനേജ്മെന്റ് ഡിവിഷൻ,
ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ
റിസർച്ച് - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ്
ടെക്നോളജി, മത്സ്യപുരി, വില്ലിംഗ്ടൺ ഐലന്റ്,
കൊച്ചി. - അംഗം
(vii) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (പ്രോജക്റ്റ്) - മെമ്പർ സെക്രട്ടറി

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന്

ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമായി 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിലെ (2021-ലെ 16-ാം ആക്റ്റ്) 16-ാം വകുപ്പിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മറ്റി രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ വിജ്ഞാപനം.